# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2834

12.03.2018-ൽ മറുപടിക്ക്

**പനങ്ങാട് കുഫോസ് ക്യാംപസിലെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | എറണാകുളം ജില്ലയിലെ പനങ്ങാട് കുഫോസ് ക്യാംപസിലെ ഓഫീസ് സൗകര്യങ്ങളുടെയും സ്റ്റേഡിയത്തിലെ റെസ്റ്റ് റൂമിന്റെയും നിർമ്മാണത്തിനായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച ഒരു കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച നിജസ്ഥിതി വിശദമാക്കാമോ; | (എ),<br>(ബി)<br>&<br>(സി) | എറണാകുളം ജില്ലയിലെ പനങ്ങാട് കുഫോസ് ക്യാംപസിലെ ഓഫീസ് സൗകര്യങ്ങളുടെയും സ്റ്റേഡിയത്തിലെ റെസ്റ്റ് റൂമിന്റെയും നിർമ്മാണത്തിനായി നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ച തുക നിർവ്വഹണ ഏജൻസിയായ പി.ഡബ്ല്യൂഡി യിലേയ്ക്ക് കൈമാറ്റം ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് '4405-00-800-75-Projects under LAC ADS(NP)' എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ മാത്രമേ നടപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളുവെന്നതിനാലും, അതിൽ തന്നെ 39,04,843 രൂപ ഇതിനകം ചെലവ് ചെയ്തുകഴിഞ്ഞ സാഹചര്യത്താലും, 150 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം ഉൾപ്പെടുത്താൻ സാധിക്കില്ല. സർക്കാർ ടി വിഷയം പരിശോധിച്ചു വരികയാണ്. ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ആരാണെന്ന് അറിയിക്കാമോ; | | |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ